# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 13

# വാർത്താക്കുറിപ്പ്

---

## പുതുക്കിയ ടൈംടേബിൾ

ബി.എസ്‌സി. ഇലക്ട്രോണിക്സ് ആറാം സെമസ്റ്റർ മോഡൽ 3 (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ) യു.ജി. പരീക്ഷകൾ മാർച്ച് 16 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/391/2020)

## പരീക്ഷഫലം

2019 ഡിസംബറിൽ സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന പത്താം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം-റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/392/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/393/2020)

## പിഎച്ച്.ഡി. നൽകി

സംസ്‌കൃതത്തിൽ ദീപ്തി പി. നായർ, മലയാളത്തിൽ അന്ന പണിക്കർ, ഇംഗ്ലീഷിൽ ശീതൾ എസ്. നായർ, ഷീബ വി. ഐസക്, ബി. ഭാഗ്യശ്രീ, ഇക്കണോമിക്സിൽ പി.എം. അബ്ദുൾ ഹക്കീം, കെ. ഹൈദരലി, ബിപിൻ ബാബു, ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ കെ.എച്ച്. ഹുസൈൻ, കൊമേഴ്സിൽ ജെസ്നി ആന്റണി, അന്ന ജോസി ജോയ്, ബിന്ദു അച്ചാമ്മ കോശി, പ്രസ്റ്റീന ജെസ്ന എം. ജോസ്, വിപിൻ കെ. വറുഗീസ്, ജിതിന കെ.കെ., ഹിസ്റ്ററിയിൽ എ. കൃഷ്ണകുമാർ, കെമിസ്ട്രിയിൽ (നാനോസയൻസ് ആന്റ് നാനോടെക്നോളജി) എം.കെ. അശ്വതി, മാത്തമാറ്റിക്സിൽ ജിസ്മി ജോസഫ്, സ്റ്റാറ്റിസ്റ്റിക്സിൽ ആൽബിൻ പോൾ, ഫാർമസിയിൽ ജെസി ജേക്കബ്, ജിം ജോസഫ്, ഫിസിക്സിൽ വി.എസ്. വിനില, എസ്. രേഖ, എജ്യൂക്കേഷനിൽ വി.വി. ബേബി ഷബീല, കമ്പ്യൂട്ടർ സയൻസിൽ രഞ്ജു എസ്. കർത്ത, ഹോം സയൻസിൽ സി.എം. ഷാലി, ബോട്ടണിയിൽ ഇ.ജെ. ജോസ്കുട്ടി, ബയോസയൻസസിൽ (ബോട്ടണി) എ.എസ്. ദീപ്തി എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ/39/394/2020)

## പ്രൈവറ്റ് ഡിഗ്രി പരീക്ഷ; ഹാൾടിക്കറ്റ് സബ്സെന്ററുകളിൽ ലഭിക്കും

അഞ്ച്, ആറ് സെമസ്റ്റർ ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികളുടെ ഹാൾടിക്കറ്റ് അനുവദിച്ചിരിക്കുന്ന സബ്സെന്ററുകളിൽ നിന്ന് മാർച്ച് 16ന് രാവിലെ ലഭിക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. പരീക്ഷയെഴുതുന്നതിനായി വിദ്യാർഥികൾ അംഗീകൃത തിരിച്ചറിയൽ രേഖയുമായി പരീക്ഷകേന്ദ്രങ്ങളിൽ ഹാജരാകണം. ആദ്യദിവസം ഹാൾടിക്കറ്റിലെ ഫോട്ടോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതില്ല. രണ്ടാം ദിവസംമുതൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഹാൾടിക്കറ്റുമായി ഹാജരാകണം.

(പി.ആർ.ഒ/39/395/2020)

## സെനറ്റ് യോഗം മാറ്റി

മാർച്ച് 21ന് നടത്താനിരുന്ന മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിന്റെ വാർഷികയോഗം മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/396/2020)

## കൊറോണ നിരീക്ഷണത്തിൽ കഴിയുന്ന വിദ്യാർഥികൾക്കും ലക്ഷദ്വീപുകാർക്കും പ്രത്യേക പരീക്ഷ: വൈസ് ചാൻസലർ

കൊറോണ (കോവിഡ് 19) രോഗപ്രതിരോധ നടപടികളുടെ ഭാഗമായി ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക നിരീക്ഷണത്തിൽ കഴിയുന്ന ബിരുദ വിദ്യാർഥികൾക്കായി പ്രത്യേക പരീക്ഷ നടത്തുമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അറിയിച്ചു. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർഥികൾക്ക് പരീക്ഷയെഴുതാൻ അവസരമൊരുക്കുക. ലക്ഷദ്വീപിലുള്ള വിദ്യാർഥികൾക്ക് പരീക്ഷയ്ക്ക് ഹാജരാകാൻ കഴിയുന്നില്ലെങ്കിൽ അവർക്കായും പ്രത്യേക പരീക്ഷ നടത്തും. ഡിഗ്രി ആറാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് 16നും നാലാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് 17നും ആരംഭിക്കും. ആരോഗ്യവകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ച് പരീക്ഷ നടത്തുന്നതിന് കോളേജ് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(പി.ആർ.ഒ/39/397/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ